**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2413** **12-10-2021 - ൽ മറുപടിയ്ക്ക്**

**ട്രഷറി പേയ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള ചട്ടങ്ങളും ധനകാര്യവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങളും ലംഘിച്ചു കൊണ്ട് ട്രഷറികളിൽ പേയ്മെന്റുകൾ നടക്കുന്നു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളുടെ ലംഘനം ചില ഘട്ടങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആരോപണത്തിന്മേൽ വകുപ്പുതല അന്വേഷണമോ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണമോ നടത്തിയിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പും വിശദാംശങ്ങളും ലഭ്യമാക്കാമോ; | (ബി) | വകുപ്പുകളും സ്ഥാപനങ്ങളും സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് സഞ്ചിത നിധിയിൽ നിന്നും/ ട്രഷറി അക്കൗണ്ടുകളിൽ നിന്നും അന്തിമ ഗുണഭോക്താവിനു തന്നെ ഫണ്ട് കൈമാറുന്നതെന്ന് ഉറപ്പ് വരുത്തുന്നതിനായി ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ട്രഷറികളിലും വകുപ്പുകളിലും മറ്റ് സ്ഥാപനങ്ങളിലും കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ധനകാര്യ പരിശോധനാ വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധനാ വിഭാഗവും ജില്ലാ പരിശോധനാ സ്ക്വാഡുകളും പരിശോധന നടത്തി വരുന്നു. ഇത് സംബന്ധിച്ച പരിശോധനാ വിഭാഗത്തിന്റെ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (സി) | ആരോപണത്തെ ശരിവയ്ക്കുംവിധം ഏതെങ്കിലും ട്രഷറികൾ പ്രവർത്തിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ചട്ട വിരുദ്ധമായി നടത്തിയ പേയ്മെന്റുകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ; | (സി) | ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | നിർദ്ദേശങ്ങളും ചട്ടങ്ങളും മറികടന്ന് കൊണ്ട് നടത്തിയ പേയ്മെന്റുകളിൽ ധനകാര്യ വകുപ്പ്/ പരിശോധനാ വിഭാഗം നൽകിയ നിർദേശങ്ങളിന്മേൽ ബന്ധപ്പെട്ട ട്രഷറികൾ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ? | (ഡി) | ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇത് സംബന്ധിച്ച് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ